

# കുറ്റിച്ചിറ മിശ്കാൽ പള്ളി

• അഷ്കർ കബീർ

പല രൂപത്തിലും ഭാവത്തിലുമുള്ള അനേകം പള്ളികളുടെ ജന്മദേശം കൂടിയാണ് കേരളം. തയ്ക്കാവും സ്രാമ്പിയും മുതൽ, മിനാരങ്ങളിലും കുംഭങ്ങളിലും ഗോപുരങ്ങളിലും തലയെടുപ്പോടെ നിൽക്കുന്ന ആയിരക്കണക്കിന് പള്ളികളാണ് കാസറഗോഡ് മുതൽ തിരുവനന്തപുരം വരെ സഞ്ചരിച്ചാൽ കാണാനാകുന്നത്.

പത്തുമുതൽ മുതൽ ആയിരക്കണക്കിന് പേർക്ക് വരെ ഒരേസമയം നമസ്കരിക്കാവുന്ന പള്ളികളും അക്കൂട്ടത്തിലുണ്ട്. എ .ഡി ആറാം നൂറ്റാണ്ട് മുതൽ സമീപകാലത്ത് പണികഴിപ്പിച്ച പള്ളികൾ വരെ നീളുന്നു ആ ശൃംഖല. ആരാധനനക്കും പ്രാർത്ഥനക്കും ചടങ്ങുകൾക്കുമുള്ള ദൈവിക ഗേഹങ്ങൾ മാത്രമല്ല പള്ളികൾ. ഒരു സമൂഹത്തിന്റെ ശരണാലയവും നീതിമന്ദിരവും തിൻമക്കെതിരെയുള്ള പോരാട്ടങ്ങളുടെ ഊർജകേന്ദ്രങ്ങളുമാണത്.

സാന്മാർഗിക ദീപവുമായി ഏതൊരു നാട്ടിലേക്കും ഇസ്‌ലാം കടന്നുവന്നപ്പോഴൊക്കെ പള്ളികളും ഉടലെടുത്തിട്ടുണ്ട്. കൊടുങ്ങല്ലൂരിലെ ചേരമാൻ പള്ളി മുതലാരംഭിക്കുന്നു അതിന്റെ ചരിത്രം. മതമൈത്രിയുടെ തിളങ്ങുന്ന മാതൃകകളായതോടൊപ്പം ചരിത്രത്തിലെ അധിനിവേശ വിരുദ്ധ പോരാട്ടങ്ങളുടെയും സമരങ്ങളുടെയും കേന്ദ്രങ്ങൾ കൂടിയായിരുന്നു പള്ളികൾ. അത്തരം ആവേശോജ്ജ്വലമായ ചരിത്രത്തിന്റെ കഥകളാണ് കുറ്റിച്ചിറ മിശ്കാൽ പള്ളിക്കും പറയാനുള്ളത്.

കോഴിക്കോട് നഗരമധ്യത്തിൽ നിന്ന് 3 കിലോമീറ്റർ മാത്രമേ കുറ്റിച്ചിറയിലേക്കുള്ളൂ. ആയിരം വർഷം പഴക്കമുള്ള ജുമുഅത്ത് പള്ളി, മുച്ചുന്തിപ്പള്ളി, നിരവധി പ്രാചീന തറവാടുകൾ, മിശ്കാൽ പള്ളി തുടങ്ങിയ അനേകം ചരിത്ര നിർമ്മിതികളുടെ മണ്ണാണ് കുറ്റിച്ചിറ. കുറ്റിച്ചിറയുടെ എന്നല്ല, കോഴിക്കോടിന്റെ തന്നെ മതസൗഹാർദ മുദ്രയായി പ്രശോഭിച്ചു നിൽക്കുകയാണ് മിശ്കാൽ പള്ളി.






യമനിൽ നിന്ന് ഇടക്കിടെ കോഴിക്കോട്ടെത്തിയിരുന്ന വ്യാപാരിയായിരുന്ന നഖൂദ മിശ്കാലിന് സാമൂതിരി പതിച്ചു നൽകിയ സ്ഥലത്തായിരുന്നു എ.ഡി. 1300 –1350 കാലഘട്ടത്തിൽ പള്ളി നിർമ്മിക്കുന്നത്. 20–ലധികം ചരക്കുകപ്പലുകളുടെ ഉടമ കൂടിയായിരുന്നു നഖൂദ. ഗോപുരവും മച്ചുമുൾപ്പെടെ അന്നത്തെ പരമ്പരാഗതമായ കേരളീയ വാസ്തുശിൽപ ശൈലിയിലായിരുന്നു പള്ളിയുടെ നിർമ്മാണം. പണി പൂർത്തിയായപ്പോൾ ഏഴ് നിലകളുണ്ടായിരുന്നു പള്ളിക്ക്. തേക്കുപയോഗിച്ചായിരുന്നു എൺപത് ശതമാനവും നിർമ്മാണം.

അധിനിവേശവിരുദ്ധ പോരാട്ടങ്ങളുടെ ആവേശോജ്ജ്വലമായ ചരിത്രം കൂടിയുണ്ട് പള്ളിക്ക്. വാസ്കോഡ ഗാമക്ക് ശേഷം കല്ലായിപ്പുഴ മാർഗം കോഴിക്കോട്ടെത്തുന്നത്. 1510 ജനുവരി 3–ലെ ഒരു റമളാൻ 22 –ന് ബുക്കർക്കിന്റെ നേതൃത്വത്തിലെത്തിയ പറങ്കികൾ പള്ളിക്ക് തീകൊളുത്തുകയാണുണ്ടായത്. മിഹ്റാബ് ഉൾപ്പെടെ രണ്ടും മൂന്നും നിലകൾ ആക്രമണത്തിൽ കത്തി നശിക്കുകയും ചെയ്തു. ഹിന്ദു –മുസ്‌ലിം ധ്രുവീകരണവും സാമുദായിക ഐക്യം തകർക്കലുമായിരുന്നു മുഖ്യലക്ഷ്യം എന്നാൽ ഇത് തിരിച്ചറിഞ്ഞ മുസ്‌ലിംകളും സാമൂതിരിയുടെ നായർ പടയാളികളും ശക്തമായി ആക്രമണത്തെ ചെറുത്തുനിന്നു.

തങ്ങളുടെ ആധിപത്യം അരക്കിട്ടുറപ്പിക്കാൻ പോർച്ചുഗീസുകാർ 1531 –ൽ ചാലിയത്ത് നിർമ്മിച്ച കോട്ട തകർക്കാനും പോർച്ചുഗീസുകാരെ കെട്ടുകെട്ടിക്കാനും കുറ്റിച്ചിറ പള്ളിയിൽ സാമൂതിരിയും ശൈഖ് മാമുക്കോയയും കുഞ്ഞാലി മൂന്നാമനും ബ്രാഹ്മണ മന്ത്രിമാരും നാവിക–കര നായർ സൈന്യാധിപൻമാരുടെയും ഖാസി അബ്ദുൽ അസീസ്, അബ്ദുൽ അസീസ് അൽ മഖ്ദൂം മുഹമ്മദ്ബ്നു അസീസ്, തുറമുഖ നായകൻ ഷാബന്ദർ ഉമർ അന്താബി, സീതി അഹ്മദ് അൽ ഖുമാമി എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേർന്നു. തുടർന്നുള്ള യുദ്ധത്തിൽ തകർത്ത ചാലിയം കോട്ടയിലെ സാമഗ്രികൾ ഉപയോഗിച്ചാണ് പള്ളി പുനർനിർമ്മിച്ചത്. ഇപ്പോൾ 4 നിലകളിലായാണ് പള്ളി സ്ഥിതി ചെയ്യുന്നത്.

30 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലും നിലകൊള്ളുന്ന പള്ളിയിൽ 24 തൂണുകളാണുള്ളത്. 10 അടി താഴ്ചയിലാണ് കരിങ്കൽ തൂണുകൾ ഭൂമിയില്ലേക്കാഴ്ത്തിയിരിക്കുന്നത്. ഉൾവശത്തെ വലുപ്പമേറിയ ഭാഗത്താണ് 16 തൂണുകൾ. അതോടൊപ്പം 47 വാതിലുകളുമുണ്ട്. മുന്നിലുള്ള മണ്ണ് നികത്തി കുളം നിർമിച്ചതും സാമൂതിരിയായിരുന്നു

നൂറ്റാണ്ടുകളോളം റംസാൻ–ശവ്വാൽ മാസപ്പിറവി നാട്ടുകാരെ വിളിച്ചറിയിച്ചിരുന്ന തമ്പോർ മുട്ട് ഇന്നും തുടരുന്ന പള്ളികൂടിയാണിത്. ചെമ്പും തോലും ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്ന പ്രത്യേകതരം മുട്ടുവാദ്യമാണിത്. 1346 മുതലാണ് മിശ്കാൽ പള്ളിയിലെ ഖാസി പരമ്പര ആരംഭിക്കുന്നത്. സാമൂതിരിയായിരുന്നു അക്കാലത്ത് ഖാസിമാരെ നിശ്ചയിച്ചിരുന്നത്. നിലവിൽ 22 –ാം ഖാസിയിലത് എത്തിനിൽക്കുന്നു.

കുറ്റിച്ചിറയിലെ കേയി തറവാടുകളുടെ ചരിത്രത്തെ ഭാവസാന്ദ്രമായി വരഞ്ഞിട്ട പി.എ. മുഹമ്മദ് കോയയുടെ 'സുൽത്താൻ വീട്' എന്ന നോവലിന്റെ പശ്ചാത്തലത്തിലും മിശ്കാൽ പള്ളിയുണ്ട്. വിഖ്യാത വിയറ്റ്നാമീസ് ഫോട്ടോഗ്രാഫറായ നിക്ക് ഉട്ട് കേരളത്തിലെത്തിയപ്പോൾ പള്ളിയെയും തന്റെ ഫ്രെയിമിലാക്കുകയുണ്ടായി. •

